മാതൃഭൂമി

13 October 2023

# വിത്ത് വിൽക്കാനല്ല, തലമുറകൾക്ക് കൈമാറാനുള്ളതാണ് - ചെറുവയൽ രാമൻ

**കൊച്ചി▸** വിത്തുകൾ വിൽക്കാനുള്ളതല്ല, തലമുറകൾക്ക് കൈമാറാനുള്ള നന്മയാണെന്ന് പദ്മശ്രീ പുരസ്കാര ജേതാവും ആദിവാസി കർഷകനുമായ ചെറുവയൽ രാമൻ.

16-ാമത് കാർഷിക ശാസ്ത്ര കോൺഗ്രസിൽ നടന്ന കർഷക സംഗമത്തിൽ അനുഭവം പങ്കുവെക്കുകയായിരുന്നു അദ്ദേഹം.



16-ാമത് അഗ്രിക്കൾച്ചർ സയൻസ് കോൺഗ്രസിൽ കർഷക സംഗമത്തിനെത്തിയ പദ്മ പുരസ്കാര ജേതാക്കളായ കർഷകർ. ബട്ട കൃഷ്ണ സാഹു. ചന്ദ്രശേഖർ സിങ്. സേത്പാൽ സിങ്. ചെറുവയൽ രാമൻ. കുമാരി സബർമതി എന്നിവർ

പ്രകൃതിയുടെ വരദാനമാണ് വിത്തുകൾ. പരമ്പരാഗത ഇനങ്ങൾ ഉൾപ്പെടെയുള്ള നെൽവിത്തുകൾ സംരക്ഷിച്ചുവരുന്നുണ്ട്. ആവശ്യക്കാർക്ക് സൗജന്യമായാണ് ഇവ നൽകുന്നത് - അദ്ദേഹം പറഞ്ഞു. ചെറുവയൽ രാമനെ കൂടാതെ പദ്മ പുരസ്കാര ജേതാക്കളായ ഉത്തർപ്രദേശിൽനിന്നുള്ള സേത്പാൽ സിങ്, ചന്ദ്രശേഖർ സിങ്, ഒഡീഷയിൽനിന്നുള്ള സബർമതി ടിക്കി, ബട്ട കൃഷ്ണ സാഹു എന്നിവർ അനുഭവങ്ങളും നിർദേശങ്ങളും പങ്കുവെച്ചു.

പദ്മ ജേതാക്കളായ കർഷകരെ സമ്മേളനം ആദരിച്ചു.

ഉത്പന്നങ്ങൾക്ക് വിപണി ഉറപ്പുവരുത്തണം

മതിയായ വില ലഭിക്കുന്ന വിധത്തിൽ ഓരോ ഉത്പന്നത്തിനും വിപണി ഉറപ്പുവരുത്തണമെന്ന് കർഷകർ ആവശ്യപ്പെട്ടു.

ചെറുകിട-ഇടത്തരം കർഷകരുടെ പ്രശ്നങ്ങൾ കൂടി പരിഗണിച്ചുള്ള കാർഷിക വികസന നയമാണ് വേണ്ടത്.

നെല്ലിനങ്ങളുടെ പ്രാദേശിക വകഭേദങ്ങൾ വികസിപ്പിക്കണം. കൃഷിക്കാവശ്യമായ ചെറുകിട യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കണം. വിലയിടിവും രോഗബാധയും കാരണം നാളികേര കർഷകർ പ്രതിസന്ധിയിലാണെന്നും അവർ പറഞ്ഞു. കാർഷിക ശാസ്ത്ര കോൺഗ്രസിന് സി.എം.എഫ്.ആർ.ഐ.യാണ് ആതിഥ്യം വഹിക്കുന്നത്. സമ്മേളനം വെള്ളിയാഴ്ച സമാപിക്കും.